സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 248 2025 ജനുവരി 25 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ജമ്മുവിൽ ഭീകരരും സുരക്ഷാസേനയുമായി ഏറ്റുമുട്ടൽ

ശ്രീനഗർ: രാജ്യം റിപ്പബ്ളിക് ദിനം ആചരിക്കാനിരിക്കെ ജമ്മു കാശ്മീരിലെ കത്വ ജില്ലയിൽ ഭീകരുമായി സൈന്യത്തിന്റെ ഏറ്റുമുട്ടൽ. ഇന്ന് പുലർച്ചെയാണ് സുരക്ഷാസേനയും ഭീകരരുമായി വെടിവയ്പ്പുണ്ടായത്. ഭീകരർക്കായി സൈന്യം തെരച്ചിൽ വ്യാപകമാക്കി.

കത്വയിലെ ഭട്ടോഡ് മേഖലയിൽ ഭീകരർ ഉണ്ടെന്ന സംശയത്തെത്തുടർന്ന് സൈന്യം തെരച്ചിൽ നടത്തുന്നതിനിടെയാണ് ആക്രമണമുണ്ടായത്. പുലർച്ചെ 1.20ഓടെ ഭട്ടോഡ് പഞ്ചായത്തിലെ ആർമി ക്യാമ്പിലെ സൈനികർ സംശയാസ്പദമായ നീക്കങ്ങൾ തിരിച്ചറിഞ്ഞ് വെടിയുതിർക്കുകയായിരുന്നു. ഭീകരർ തിരിച്ചും വെടിവച്ചതോടെ അരമണിക്കൂറോളം ഏറ്റുമുട്ടൽ തുടർന്നു. ഇതിനിടെ ഭീകരർ രക്ഷപ്പെട്ടതായി സൈന്യം അറിയിച്ചു. 3ഭീകരരാണ് വെടിയുതിർത്തതെന്നാണ് വിവരം. ഇരുവശത്തും മരണം റിപ്പോർട്ട് ചെയ്തിട്ടില്ല.

ഐ സി ബാലകൃഷ്ണൻ അറസ്റ്റിൽ

സുൽത്താൻ ബത്തേരി: വയനാട് ഡിസിസി ട്രഷറർ എൻഎം വിജയന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഐസി ബാലകൃഷ്ണൻ എംഎൽഎയുടെ അറസ്റ്റ് രേഖപ്പെടുത്തി. എംഎൽഎയ്ക്ക് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നു. ചോദ്യം ചെയ്യൽ പൂർത്തിയായതിന് പിന്നാലെ അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. എൻഎം വിജയന്റെ കത്തുകളിലെ പരാമർശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു ചോദ്യം ചെയ്യൽ. ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ ഒന്നാം പ്രതിയാണ് എംഎൽഎ. ആത്മഹത്യ പ്രേരണ കുറ്റമാണ് ഐസി ബാലകൃഷ്ണനെതിരെ ചുമത്തിയത്.

പുത്തൂർവയലിലുള്ള ജില്ലാ പൊലീസ് ക്യാമ്പിൽ വച്ച് സുൽത്താൻ ബത്തേരി ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള സംഘമാണ് ചോദ്യം ചെയ്തത്. എൻഎം വിജയന്റെ കത്തിൽ പരാമർശിച്ച സാമ്പത്തിക ഇടപാടുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്നാണ് എംഎൽഎ നേരത്തെ തന്നെ ആവർത്തിച്ചിരുന്നത്. എൻഎം വിജയന്റെ മരണത്തിൽ രണ്ട് കോൺഗ്രസ് നേതാക്കളുടെ അറസ്റ്റ് കഴിഞ്ഞ ദിവസം രേഖപ്പെടുത്തിയിരുന്നു.

ഡിസിസി പ്രസിഡന്റ് എൻ ഡി അപ്പച്ചൻ, മുൻ കോൺഗ്രസ് നേതാവ് കെകെ ഗോപിനാഥൻ എന്നിവരുടെ അറസ്റ്റാണ് രേഖപ്പെടുത്തിയത്. മുൻകൂർ ജാമ്യം ലഭിച്ചതിനാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി വിട്ടയച്ചിരുന്നു.

എൻഎം വിജയനും മകൻ ജിജേഷും ആത്മഹത്യ ചെയ്ത കേസിലാണ് ഐസി ബാലകൃഷ്ണൻ, എൻഡി അപ്പച്ചൻ, ഡിസിസി മുൻ ട്രഷറർ കെകെ ഗോപിനാഥ് തുടങ്ങിയവരെ പ്രതികളാക്കി പൊലീസ് കേസെടുത്തത്. കെപിസിസി പ്രസിഡന്റിന് നൽകാൻ വിജയൻ എഴുതിയ കത്തിൽ ഇവരുടെ പേരുകൾ പരാമർശിച്ചിരുന്നു എന്നാണ് പറയുന്നത്. പൊലീസ് അന്വേഷണത്തിൽ ലഭിച്ച മൊഴികളും നേതാക്കളെ പ്രതിചേർക്കുന്നതിലേക്ക് നയിച്ചതായാണ് വിവരം.

നേരത്തെ അദ്ദേഹത്തിന്റെ വീട്ടിൽ സംയുക്ത അന്വേഷണസംഘം പരിശോധന നടത്തിയിരുന്നു. കേണിച്ചിറ പണപ്പാടിയിലെ വീട്ടിൽ സംയുക്ത സംഘം അന്വേഷണ ഉദ്യോഗസ്ഥൻ ബത്തേരി ഡിവൈ. എസ്. പി. കെ.കെ. അബ്ദുൾ ഷെരീഫിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. എം. എൽ.എ.യെയുംകൂട്ടി എത്തിയ സംഘത്തിന് ആത്മഹത്യാ പ്രേരണക്കേസുമായി ബന്ധപ്പെട്ട രേഖകളൊന്നും ലഭിച്ചില്ലെന്നാണ് വിവരം. ഉച്ചക്ക് ഒന്നരയോടെയെത്തിയ സംഘം 2.15 ഓടെ മടങ്ങി.

കണ്ണൂർ–യശ്വന്ത്പുർ എക്സ്പ്രസിൽ ഞായറാഴ്ച മുതൽ 8 സ്ലീപ്പർ കോച്ചുകൾ

കണ്ണൂർ: മലബാറിലുള്ളവർ ബംഗളൂരുവിലേക്കുള്ള യാത്രയ്ക്കായി ആശ്രയിക്കുന്ന കണ്ണൂർ-യശ്വന്ത്പുർ എക്സ്പ്രസിലെ (16527/16528) സ്ലീപ്പർ കോച്ചുകൾ ഞായറാഴ്ച മുതൽ എട്ടായി ചുരുങ്ങും. ഇതിന് പകരമായി ഒരു ഫസ്റ്റ് ക്ലാസ് എസി കോച്ചും ഒരു സെക്കൻഡ് എസി കോച്ചും വർദ്ധിക്കും. തേർഡ് എസി കോച്ചുകൾ അഞ്ചായി തന്നെ തുടരും. 4ജനറൽ കോച്ചുകളാണുണ്ടാകുക. നേരത്തെ പതിനൊന്ന് സ്ലീപ്പർ കോച്ചുകളുണ്ടായിരുന്ന വണ്ടിയിൽ ഒമ്പതാക്കി കുറച്ചിരുന്നു. അന്ന് കുറയുന്ന രണ്ട് സ്ലീപ്പർ കോച്ചുകൾക്ക് പകരം രണ്ട് ജനറൽ കോച്ചുകൾ വർദ്ധിപ്പിച്ചു.

രണ്ട് സ്ലീപ്പർ കോച്ചിലെ 160 ബെർത്ത് ഒഴിവാക്കിയാണ് 200 പേർക്ക് ഇരിക്കാവുന്ന രണ്ട് ജനറൽ കോച്ചുകൾ റെയിൽവെ ഘടിപ്പിച്ചത്. ഈ മാസം 26 മുതൽ ഒരു സ്ലീപ്പർ കോച്ച് കൂടി കുറച്ച് എട്ടാകും. മലബാറുകാർ ബംഗളൂരുവിലേക്കുള്ള യാത്രയ്ക്കായി ആശ്രയിക്കുന്ന ഏക ട്രെയിനിലെ ഈ മാറ്റത്തിനെതിരെ യാത്രക്കാർ ശക്തമായി പ്രതിഷേധിച്ചിരുന്നു. നിലവിൽ കണ്ണൂരിൽ നിന്ന് യശ്വന്ത്പുരിലേക്കുള്ള യാത്രയിൽ സ്ലീപ്പർ നിരക്ക് 365 രൂപയാണ്. പകരമായി വരുന്ന സെക്കൻഡ് എസിക്ക് 1410 രൂപയാണ് നിരക്ക്.

തഹാവൂർ റാണയെ ഇന്ത്യക്ക് കൈമാൻ യുഎസ് സുപ്രീംകോടതിയുടെ അനുമതി



വാഷിങ്ടൺ: മുംബൈ ഭീകരാക്രമണക്കേസിൽ വിചാരണ നേരിടുന്ന പാക് വംശജനായ കനേഡിയൻ വ്യവസായി തഹാവൂർ ഹുസൈൻ റാണയെ ഇന്ത്യക്ക് കൈമാറുന്നതിന് അനുമതി നൽകി യു. എസ് സുപ്രീംകോടതി. കീഴ്ക്കോടതി ഉത്തരവിനെതിരേ തഹാവൂർ റാണ നൽകിയ അപ്പീൽ തള്ളിയാണ് നിർണായക ഉത്തരവ്. കീഴ്ക്കോടതികളിലെ കേസുകളിൽ പരാജയപ്പെട്ടതിനെത്തുടർന്നാണ് ഇന്ത്യയ്ക്ക് കൈമാറുന്നതിനെതിരെ റാണ യുഎസ് സുപ്രീം കോടതിയെ സമീപിച്ചത്. സുപ്രീം കോടതി ഇത് തള്ളിയതോടെ രണ്ടുരാജ്യങ്ങളും തമ്മിലുള്ള കുറ്റവാളി കൈമാറ്റ ഉടമ്പടി പ്രകാരമാകും റാണയെ കൈമാറ്റം ചെയ്യുക.

നേരത്തെ, ഇന്ത്യക്ക് കൈമാറണമെന്ന കീഴ്ക്കോടതി വിധിക്കെതിരേയാണ് യു.എസ്. സുപ്രീംകോടതിയിൽ തഹാവൂർ റാണ പുനഃപരിശോധനാ ഹർജി നൽകിയത്. ഒരേ കുറ്റത്തിന് ഒരാളെ രണ്ടുതവണ വിചാരണ ചെയ്യുന്നത് നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജി നൽകിയത്. ഇന്ത്യയ്ക്ക് കൈമാറുന്നത് തടയാനുള്ള റാണയുടെ അവസാന നിയമാവസരമായിരുന്നു ഈ ഹർജി.

തഹാവൂർ റാണയെ കൈമാറണമെന്ന് വർഷങ്ങളായി ഇന്ത്യ ആവശ്യപ്പെട്ടുവരുകയാണ്. ഇന്ത്യക്ക് കൈമാറുന്നതിനെതിരേ റാണ കീഴ്ക്കോടതികളിൽ നൽകിയ ഹർജികൾ തള്ളിയിരുന്നു. തുടർന്നാണ് സുപ്രീംകോടതിയെ സമീപിക്കുന്നത്. എന്നാൽ, റാണയുടെ റിട്ട് ഹർജി തള്ളണമെന്നാവശ്യപ്പെട്ട് യു.എസ്. സർക്കാർ തന്നെ സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടു. നിലവിലെ സാഹചര്യത്തിൽ ഇന്ത്യക്കു കൈമാറുന്നതിൽനിന്ന് ഇളവ് ലഭിക്കാൻ റാണയ്ക്ക് അർഹതയില്ലെന്നാണ് യു.എസ്. സോളിസിറ്റർ ജനറൽ സുപ്രീംകോടതിയിൽ പറഞ്ഞത്.

2008 നവംബർ 26-ന് 166 പേരുടെ മരണത്തിനിടയാക്കിയ ഭീകരാക്രമണത്തിൽ ഇന്ത്യ തേടുന്ന കുറ്റവാളിയാണ് തഹാവൂർ ഹുസൈൻ റാണ. പാക് ഭീകരസംഘടനകൾക്കുവേണ്ടി മുംബൈയിൽ ഭീകരാക്രമണം നടത്താൻ സുഹൃത്തും യു.എസ്. പൗരനുമായ ഡേവിഡ് കോൾമാൻ ഹെഡ്‌ലിക്കൊപ്പം ഗൂഢാലോചന നടത്തിയതിനാണ് റാണ ഇന്ത്യയിൽ നിയമനടപടി നേരിടുന്നത്. ഭീകരസംഘടനയായ ലഷ്കറെ തൊയ്ബയ്ക്ക് സഹായം നൽകിയ കേസിൽ 2011-ൽ യു. എസ്. കോടതി ഇയാളെ ശിക്ഷിച്ചിരുന്നു.

കാന്തപുരത്തിനെതിരെ വീണ്ടും എം.വി. ഗോവിന്ദൻ

ആരും പ്രകോപിതരായിട്ട് കാര്യമില്ല, സ്ത്രീക്കും പുരുഷനും തുല്യത നൽകാത്തവരെ എന്താണ് വിളിക്കേണ്ട

തിരു: സ്ത്രീയും പുരുഷനും ഇടകലർന്നുള്ള വ്യായാമ മുറകൾ മതം അംഗീകരിക്കുന്നില്ലെന്ന പ്രസ്താവനയിൽ കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർക്കെതിരെ വീണ്ടും രൂക്ഷ വിമർശനവുമായി സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. പൊതുഇടത്തിൽ സ്ത്രീക്കും പുരുഷനും തുല്യത വേണമെന്നും അത് അംഗീകരിച്ചു കൊടുക്കാത്തവരെ എന്താണ് വിളിക്കേണ്ടതെന്ന് പറയുന്നില്ലെന്നും എം. വി. ഗോവിന്ദൻ ചൂണ്ടിക്കാട്ടി.

'സ്ത്രീ-പുരുഷ തുല്യതക്കും ജനാധിപത്യ അവകാശങ്ങൾക്കും വേണ്ടി മതനിരപേക്ഷ ഉള്ളടക്കത്തോടെ സമൂഹത്തെ കാണാൻ 1789ലെ ഫ്രഞ്ച് വിപ്ലവത്തിന് മുമ്പ് ഉയർത്തിയ മുദ്രാവാക്യമാണിത്. അതിന്റെ സ്ഥിതിയിലേക്ക് പോലും നമുക്ക് കടക്കാൻ സാധിക്കുന്നില്ല. പൊതുഇടത്തിൽ സ്ത്രീക്കും പുരുഷനും തുല്യത വേണമെന്ന് ഒരു സമ്മേളനത്തിൽ ഞാൻ പറഞ്ഞപ്പോൾ ചിലർ പ്രകോപിതരാവുകയാണ്.

ആരും പ്രകോപിതരായിട്ട് കാര്യമില്ല. ആ മുദ്രാവാക്യം സമ്മതിച്ച് കൊടുക്കാൻ ഇപ്പോഴും തയാറാകാത്ത ആളുകളെ എന്താണ് വിളിക്കേണ്ടതെന്ന് ഞാൻ പറയുന്നില്ല. ഞാൻ ആരെയും ഉദ്ദേശിക്കുന്നില്ല. ഒരു വ്യക്തിയെയും ഒരു സമുദായത്തെയും ഉദ്ദേശിക്കുന്നില്ല. സമൂഹത്തെ മാത്രമാണ് ഉദ്ദേശിക്കുന്നത് -എം.വി. ഗോവിന്ദൻ വ്യക്തമാക്കി.

കുഴിമണ്ണയിൽ നടന്ന ഒരു പരിപാടിയിലാണ് സ്ത്രീയും പുരുഷനും ഇടകലർന്നുള്ള വ്യായാമ മുറകൾ മതം അംഗീകരിക്കുന്നില്ലെന്ന് കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ വ്യക്തമാക്കിയത്. വ്യായാമത്തിന്റെ മറവിൽ മതവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾക്കെതിരെ വിശ്വാസി സമൂഹം ജാഗ്രത പുലർത്തണം. സുന്നികൾ വ്യായാമത്തിന് എതിരല്ല. പക്ഷേ, വിശ്വാസികൾ എല്ലാ കാര്യങ്ങളിലും മതനിഷ്ഠയുള്ളവരാകണമെന്നും കാന്തപുരം ചൂണ്ടിക്കാട്ടി.

ഇതിന് പിന്നാലെ കാന്തപുരത്തിന്റെ നിലപാടിനെതിരെ പരോക്ഷ വിമർശനവുമായി എം.വി. ഗോവിന്ദൻ രംഗത്തെത്തി. സ്ത്രീകൾ പൊതു ഇടങ്ങളിൽ ഇറങ്ങരുത് എന്നത് പിന്തിരിപ്പൻ നിലപാടാണെന്ന് ഗോവിന്ദൻ പറഞ്ഞു. അങ്ങനെ ശാഠ്യം പിടിക്കുന്നവർക്ക് പിടിച്ചു നിൽക്കാനാവില്ല. അത്തരക്കാർ പുരോഗമന നിലപാട് സ്വീകരിച്ച് മുന്നോട്ടു പോകേണ്ടി വരുമെന്നും എം.വി. ഗോവിന്ദൻ ഓർമിപ്പിച്ചു.

എം.വി. ഗോവിന്ദന് വിമർശത്തെ പരിഹസിച്ച് കൊണ്ട് രംഗത്തെത്തിയ കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ കണ്ണൂർ ജില്ലയിലെ 18 സി.പി.എം ഏരിയ സെക്രട്ടറിമാരിൽ ഒരു സ്ത്രീ പോലുമില്ലെന്നും ഇസ്ലാമിന്റെ നിയമങ്ങൾ പണ്ഡിതന്മാർ പറയുമെന്നും മറുപടി നൽകി.

ഇസ്ലാമിന്റെ നിയമങ്ങൾ ആലിമീങ്ങൾ പറയും. മറ്റുള്ള മതക്കാർ അതിൽ കടന്ന് കൂടി വന്നിട്ട് ഇസ്ലാമിന്റെ വിധി, അതിവിടെ നടപ്പാകൂല എന്ന് പറഞ്ഞാൽ... ഇന്നൊരാളുടെ പ്രസ്താവന കേട്ടു. അയാളുടെ പാർട്ടിയിൽ തന്നെ, അയാളുടെ ജില്ലയിൽ 18 ഏരിയ സെക്രട്ടറിമാരെ തെരഞ്ഞെടുത്തിരിക്കുന്നു. ഈ 18ഉം പുരുഷൻമാരാണ്. ഒറ്റ പെണ്ണിനെയും അവർക്ക് കിട്ടീട്ടില്ല....-എന്നിങ്ങനെയായിരുന്നു എ.പി. അബൂബക്കർ മുസ്ലിയാരുടെ പരിഹാസം.

കാന്തപുരത്തിന്റെ പരാമർശത്തോട് പ്രതികരിച്ച സി. പി.എം കേന്ദ്ര കമ്മിറ്റിയംഗം മന്ത്രി തോമസ് ഐസക്ക് കാന്തപുരത്തിന്റെ പ്രസ്താവന അദ്ദേഹത്തിന്റെ വിശ്വാസമാണെന്ന് ചൂണ്ടിക്കാട്ടി.

'കാന്തപുരത്തിന്റെ പ്രസ്താവന അദ്ദേഹത്തിന്റെ വിശ്വാസം. നമ്മുടെ വിശ്വാസം അതല്ല. ഞങ്ങൾ വിശ്വസിക്കുന്നത് സ്ത്രീ പുരുഷ സമത്വത്തിലാണ്. ഏതായാലും കാന്തപുരത്തിനോട് ഞങ്ങൾക്ക് ഒരു ബഹുമാനമുണ്ട്.

'കടുവയെ കൊല്ലാനാകില്ലെങ്കിൽഞങ്ങളെ വെടിവെച്ചോളൂ'; വനംവകുപ്പിനെതിരേ പ്രതിഷേധവുമായി നാട്ടുകാർ

മാനന്തവാടി: കടുവയുടെ ആക്രമണത്തിൽ മീൻമുട്ടി തറാട്ട് രാധ എന്ന സ്ത്രീ കൊല്ലപ്പെട്ടതിനെ തുടർന്ന് നാട്ടുകാരും വനംവകുപ്പ് ഉദ്യോഗസ്ഥരുമായി തർക്കം. വന്യമൃഗങ്ങളുടെ ആക്രമണം പെരുകുമ്പോൾ വനംവകുപ്പ് പ്രദേശ വാസികൾക്ക് വ്യക്തമായ നിർദ്ദേശമോ മുന്നറിയിപ്പോ നൽകുന്നില്ലെന്ന് നാട്ടുകാർ ആരോപിച്ചു. കടുവയെ കൊല്ലാനാകില്ലെങ്കിൽ ഞങ്ങളെ വെടിവെച്ചോളൂ എന്ന് നാട്ടുകാർ വനംവകുപ്പിനോട് ആവശ്യപ്പെട്ടു.

എന്തുകൊണ്ട് കടുവയെ പിടികൂടിയില്ല എന്ന് പ്രതിഷേധക്കാരിൽ ഒരാൾ ചോദിച്ചപ്പോൾ കടുവ തങ്ങളുടെ മുന്നിൽ നിൽക്കുകയല്ലല്ലോ എന്ന് ഒരു ഉദ്യോഗസ്ഥ ചോദിച്ചത് വലിയ തർക്കത്തിലേക്ക് നയിച്ചു. വനംവകുപ്പ് ചീഫ് വെറ്ററിനറി സർജൻ ഡോ. അരുൺ സക്കറിയ എന്തുകൊണ്ട് സ്ഥലത്ത് എത്തിയില്ലെന്നും നാട്ടുകാർ ഉദ്യോഗസ്ഥരോട് ചോദിച്ചു.

'കടുവയെ നേരിൽ കണ്ടാൽ നിങ്ങൾക്ക് കൊല്ലാനാകുമോ? അല്ലെങ്കിൽ നിങ്ങൾക്ക് കടുവയെ കണ്ടുപിടിക്കാനാകുമോ? എന്തുകൊണ്ടാണ് ബോധവൽക്കരണം നടത്താത്തത്? എന്തുകൊണ്ട് ഇവിടുത്തെ പഞ്ചായത്തും മുനിസിപ്പാലിറ്റിയുമായി നിങ്ങൾ ബന്ധപ്പെടുന്നില്ല? കടുവയെ കൊലപ്പെടുത്താൻ നിങ്ങൾക്ക് ലഭിച്ച ഉത്തരവിൽ ഞങ്ങൾക്ക് വ്യക്തത വേണം. ജനങ്ങളുടെ ആശങ്കകൾക്ക് മറുപടി വേണം. കടുവയെ കൊല്ലാനാകില്ലെങ്കിൽ തങ്ങളെ വെടിവെച്ച് കൊല്ലണം'-പ്രതിഷേധക്കാർ പറഞ്ഞു.

ബോധവൽക്കരണം നടത്തുന്നതുമായി സംബന്ധിച്ച് തങ്ങൾക്ക് നിർദ്ദേശം ഉണ്ടായിരുന്നുവെന്ന് ഉദ്യോഗസ്ഥർ പ്രതിഷേധക്കാരോട് പറഞ്ഞു. വനവിഭവ ശേഖരണം നടത്തുന്നവരിൽ തങ്ങൾ ബോധവൽക്കരണം നടത്തിയിരുന്നു. കടുവയെ കണ്ടെത്താനും വെടിവെക്കാനുമാണ് ഉത്തരവ് ലഭിച്ചതെന്നും അവർ വിശദീകരിച്ചു.

എന്നാൽ കടുവ കൂട്ടിൽ കയറിയാൽ വെടിവെയ്ക്കാനാകില്ലെന്ന് ഉദ്യോഗസ്ഥർ പറഞ്ഞപ്പോൾ തങ്ങൾ ചെയ്യാമെന്ന് നാട്ടുകാർ പറഞ്ഞു. കടുവയെ പിടികൂടി കൊല്ലുന്നതുവരെ തങ്ങൾ പിൻമാറില്ലെന്നും ഇവർ കൂട്ടിച്ചേർത്തു.

ഡി. കെ ശിവകുമാർ മുഖ്യമന്ത്രിയാകും? സ്ഥാനമൊഴിയുമെന്ന സൂചന നൽകി സിദ്ധരാമയ

ബംഗളൂരു: കർണാടകയിൽ മുഖ്യമന്ത്രിമാറ്റത്തിന് കളമൊരുങ്ങുന്നു. സിദ്ധരാമയ്യ മാറി ഡി.കെ ശിവകുമാർ കർണാടക മുഖ്യമന്ത്രിയാവുമെന്നാണ് റിപ്പോർട്ടുകൾ. കർണാടകയിൽ നേതൃമാറ്റമുണ്ടാവുമോയെന്ന ചോദ്യത്തിന് ഹൈക്കമാൻഡ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുമെന്നായിരുന്നു സിദ്ധരാമയ്യയുടെ മറുപടി. ടൈംസ് ഓഫ് ഇന്ത്യയാണ് വാർത്ത റിപ്പോർട്ട് ചെയ്തത്.

ഇതുവരെ നേതൃമാറ്റമുണ്ടാവില്ലെന്ന് ഉറപ്പിച്ച് പറഞ്ഞ സിദ്ധരാമയ്യ ഈ നിലപാടിൽ നിന്നും പിന്നാക്കം പോവുന്നതിന്റെ സൂചനയായി വേണം പുതിയ പ്രസ്താവനയെ വിലയിരുത്താൻ. അതേസമയം, നേതൃത്വമാറ്റത്തെ സംബന്ധിച്ച ചോദ്യങ്ങളിൽ താൻ തന്റെ ജോലി ചെയ്യുകയാണെന്നും ബാക്കിയുള്ള കാര്യങ്ങളിൽ കോൺഗ്രസ് ഹൈക്കമാൻഡാണ് തീരുമാനമെടുക്കേണ്ടതെന്നുമായിരുന്നു ഡി.കെ ശിവകുമാറിന്റെ മറുപടി.

കർണാടകയിലെ വിജയത്തിന് ശേഷം മുഖ്യമന്ത്രി സ്ഥാനം പങ്കിടാൻ ധാരണയുണ്ടെന്ന റിപ്പോർട്ടുകൾ പുറത്ത് വന്നിരുന്നു. 30 മാസമെന്ന രീതിയിൽ മുഖ്യമന്ത്രിസ്ഥാനം പങ്കിടുമെന്നായിരുന്നു റിപ്പോർട്ടുകൾ. എന്നാൽ, ഇത്തരം വാർത്തകൾ തള്ളുകയാണ് മുഖ്യമന്ത്രി സിദ്ധരാമയ്യ ചെയ്തത്. മുഖ്യമന്ത്രി സ്ഥാനത്തിന്റെ പേരിൽ കർണാടക കോൺഗ്രസിൽ ഭിന്നതകളുണ്ടെന്ന റിപ്പോർട്ടുകളും പുറത്ത് വന്നിരുന്നു.

ഡി.കെ ശിവകുമാറിന് പുറമേ പൊതുമരാമത്ത് വകുപ്പ് മന്ത്രി സതീഷ് ജാർകിഹോളിയും മുഖ്യമന്ത്രി സ്ഥാനത്തിനായി അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. നേരത്ത ഭൂമിയിടപാട് കേസിൽ സിദ്ധരാമയ്യക്കെതിരെ ആരോപണം ഉയർന്നിരുന്നു.

മസ്തകത്തിൽ ആഴത്തിലുള്ള മുറിവ്, ദൗത്യസംഘത്തിൽ 65 പേർ

ചാലക്കുടി: ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണം, 20 അംഗങ്ങളുള്ള ദൗത്യസംഘം വിപുലപ്പെടുത്തിയുള്ള അന്വേഷണം, ദിവസങ്ങൾ നീണ്ട ദുഷ്കരമായ ദൗത്യത്തിനൊടുവിൽ ആതിരപ്പള്ളിയിലെ മസ്തകത്തിൽ പരിക്കേറ്റ കാട്ടാനയുടെ ചികിത്സ ദൗത്യം വിജയകരമായി പൂർത്തിയായി. രണ്ട് ദിവസം നീണ്ട നിരീക്ഷണത്തിനൊടുവിലാണ് ആനയെ കണ്ടെത്താനും മയക്ക് വെടിവെക്കാനും സാധിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ ആനയെ കണ്ടെത്താൻ സാധിച്ചെങ്കിലും കൃത്യമായി അറിയാനോ മയക്കുവെടി വെക്കാനോ കഴിയാത്ത സാഹചര്യമായിരുന്നു. ഒടുവിൽ ഇന്നലെ രാവിലെയോടെയാണ് അതിരപ്പിള്ളി കാലടി പ്ലാന്റേഷന്റെ റബർ തോട്ടത്തിൽ നിലയുറപ്പിച്ച ആനയെ കണ്ടെത്തിയത്. ഒടുവിൽ മയക്കുവെടിയേറ്റ ആനയ്ക്ക് മസ്തകത്തിൽ ചികിത്സ നൽകി. വനം വകുപ്പ് ചീഫ് വെറ്ററിനറി സർജൻ ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിലുള്ള 65 അംഗ ദൗത്യ സംഘമാണ് ആനയുടെ ചികിത്സ ഉറപ്പാക്കുന്നതിനായി സംഘത്തിലുണ്ടായിരുന്നത്. മസ്തകത്തിൽ ആഴത്തിലുള്ള മുറിവാണ് ഉണ്ടായിരുന്നത്. മുറിവിൽ നല്ല പഴുപ്പുള്ളതായി ഡോക്ടർ അരുൺ സക്കറിയ പറഞ്ഞു. കാട്ടാനകൾ തമ്മിലുള്ള ഏറ്റുമുട്ടലിനിടെയാണ് മസ്തകത്തിൽ പരിക്കേറ്റത്. മയക്കുവെടിയേറ്റ ആനയ്ക്ക് ചികിത്സ നൽകിയതിന് ശേഷം കാട്ടിലേക്ക് തിരിച്ചയച്ചു. ആനയെ വനം വകുപ്പ് നിരീക്ഷിക്കും.

കൊല്ലത്ത് കടലിൽനിന്നു മണ്ണെടുത്ത് സ്വകാര്യ കമ്പനികൾക്ക് വിൽക്കും; കേന്ദ്രം നടപടി തുടങ്ങി

കൊച്ചി: കൊല്ലത്ത് കടലിൽനിന്നു മണ്ണെടുത്ത് സ്വകാര്യകമ്പനികൾക്ക് വിൽക്കാനുള്ള തീരുമാനവുമായി കേന്ദ്ര സർക്കാർ മുന്നോട്ട്. കൊല്ലത്തോടു ചേർന്ന് കടലിൽ മൂന്നു ഭാഗങ്ങളിലായി 242 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ കടലിൽ ഖനനം നടത്തി മണ്ണെടുക്കാനാണ് തീരുമാനം. ഏതാണ്ട് 302 ദശലക്ഷം ടൺ മണ്ണ് എടുക്കാമെന്നാണ് കണക്കുകൂട്ടൽ. ഇതിന് താത്പര്യമുള്ളവരിൽനിന്ന് ടെൻഡറുകൾ ക്ഷണിച്ചിട്ടുണ്ട്.

മൂന്നു മാർഗങ്ങളിലൂടെ മണ്ണെടുക്കാമെന്നും സർക്കാർ നിർദേശിക്കുന്നുണ്ട്. ഈ മാർഗങ്ങളെക്കുറിച്ചും സർക്കാർ വിശദീകരിക്കുന്നുണ്ട്. മണ്ണ് വിൽപ്പനക്ക് മുന്നോടിയായി കൊച്ചിയിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് കഴിഞ്ഞദിവസം ഒരു ശില്പശാല നടത്തിയിരുന്നു.

കൊല്ലം തീരത്തുനിന്ന് 27 കിലോമീറ്റർ അകലെയാണ് മണ്ണെടുപ്പിനായി കണ്ടെത്തിയ ആദ്യത്തെ സ്ഥലം. 30 കിലോമീറ്റർ അകലെ മറ്റൊരിടവും 33 കിലോമീറ്റർ അകലത്തിൽ മൂന്നാമത്തെ ഇടവും കണ്ടെത്തിയിട്ടുണ്ട്. മൂന്നിടത്തും 100 ദശലക്ഷം ടൺ വീതം മണ്ണ് കിട്ടുമെന്നാണ് വിലയിരുത്തൽ.

കേന്ദ്ര മൈനിങ് വകുപ്പാണ് മണ്ണു ഖനനത്തിന് മുൻകൈയെടുക്കുന്നത്. എസ്.ബി.ഐ. ക്യാപിറ്റലാൺ എന്ന സ്ഥാപനത്തിനാണ് ഈ വിൽപ്പനയുടെ ചുമതല. നിർമാണാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന വെള്ളമണ്ണാണ് വിൽപ്പനയ്ക്കുവെച്ചിട്ടുള്ളത്.

2023-ൽ കേന്ദ്രസർക്കാർ പരിഷ്കരിച്ച നിയമപ്രകാരം തീരക്കടലിലെയും ആഴക്കടലിലെയും ഖനനാവകാശം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. എടുക്കുന്ന മണ്ണിന്റെ വിലയുടെ 10 ശതമാനം കേന്ദ്രസർക്കാരിന് ലഭിക്കും. ഇതുസംബന്ധിച്ച് ടെൻഡർ നടപടികൾ അടുത്തമാസം 27-നകം പൂർത്തിയാക്കും.

മത്സ്യമേഖലയെ തകർക്കും

ഇന്ത്യയിൽത്തന്നെ ഏറ്റവുംകൂടുതൽ മത്സ്യസമ്പത്തുള്ള മേഖലയായി അറിയപ്പെടുന്ന ഇടമാണ് കൊല്ലം ബാങ്ക് എന്നറിയപ്പെടുന്ന കടൽഭാഗം. ഈ ഭാഗത്ത് ഒന്നരമീറ്റർ കനത്തിൽ ചെളിയുണ്ട്. അതുകൊണ്ടാണ് മത്സ്യസമ്പത്തുണ്ടാകുന്നത്. ഖനനം നടത്തുമ്പോൾ സ്വാഭാവികമായും മേൽഭാഗത്തുള്ള ചെളിയും നഷ്ടപ്പെട്ടേക്കാം.

രാധയുടെ സംസ്കാരം കഴിഞ്ഞു; കടുവയ്ക്കായി തിരച്ചിൽ, കൂടുവെച്ചോ വെടിവെച്ചോ പിടികൂടും



മാനന്തവാടി: കടുവാ ആക്രമണത്തിൽ കൊല്ലപ്പെട്ട മീൻമുട്ടി തറാട്ട് രാധയുടെ മൃതദേഹം ഇന്ന് സംസ്കരിച്ചു. മാനന്തവാടി ഗവ. മെഡിക്കൽ കോളേജിലെ മോർച്ചറിയിൽ സൂക്ഷിച്ച

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജോസ് ആലുക്കാസ്-പിഎഫ്സി കേരള ഫുട്ബോൾ ക്ലബിന്റെ ജഴ്സി പി എഫ് സി കേരള സ്ഥാപകൻ സി സി ഹാൻസൻ, ജോസ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോസ് ആലുക്കാസ്, മാനേജിംഗ് ഡയറക്ടർമാരായ വർഗ്ഗീസ് ആലുക്കാസ്, പോൾ ജെ ആലുക്കാസ്, ജോൺ ആലുക്കാസ് എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുന്നു

മാധ്യമ പ്രവത്തകൻ പി.ഗോപാല കൃഷ്ണൻ അന്തരിച്ചു

തൃശൂർ: എക്സ്പ്രസ് പത്രത്തിന്റെ സ്പോർട്സ് എഡിറ്റർ ആയിരുന്ന പെരിങ്ങാവ് പള്ളത്ത് വീട്ടിൽ (ചേറൂർ) ഗോപാലകൃഷ്ണൻ (71) സൗപർണിക, വെള്ളാനിക്കര അന്തരിച്ചു.

പരേതരായ പള്ളത്ത് ഗോവിന്ദ മേനോന്റെയും അമ്മിണിഅമ്മ (മാനേജർ, തൃശൂർ മുനിസിപ്പാലിറ്റി) യുടെയും മകനാണ്. തനിമ ആഴ്ചപ്പതിപ്പ്, ദിനഭൂമി, ഈനാട് എന്നിവയിൽ പ്രവർത്തിച്ചിട്ടുണ്ട്.

മികച്ച മാധ്യമ പ്രവർത്തനത്തിന് കരുണാകരൻ നമ്പ്യാർ ഗോൾഡ് മെഡൽ ലഭിച്ചിട്ടുണ്ട്. ഭാര്യ-ഡോ. പി കെ സുധാദേവി, (റിട്ട. പ്രൊഫസർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി). മക്കൾ-ശരത് ചന്ദ്രൻ (എഞ്ചിനീയർ, ഓസ്ട്രേലിയ), അപർണ്ണ (എഞ്ചിനീയർ), മരുമക്കൾ-നിധിശ്രീ (എം ബി എ), വിനായക് (എഞ്ചിനീയർ). ചെറുമകൻ കിയാൻ. സംസ്കാരം നാളെ കാലത്ത് 10ന് പാറമേക്കാവ് ശാന്തിഘട്ടിൽ നടത്തപ്പെടും.

കാർബൺ ന്യൂട്രാലിറ്റിയോടുള്ള പ്രതിബദ്ധത ആവർത്തിച്ച് ടാറ്റാ മോട്ടോർസ്; ജീവനക്കാരുടെ ഗതാഗതത്തിനായി ഇലക്ട്രിക് ബസുകൾ ഫ്ളാഗ് ഓഫ് ചെയ്തു

കൊച്ചി: ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോർസ് ഉത്തരാഖണ്ഡിലെ പന്ന്നഗർ പ്ലാന്റിൽ തൊഴിലാളികളുടെ ഗതാഗതത്തിനായി ഇലക്ട്രിക് ബസുകൾ ഫ്ളാഗ് ഓഫ് ചെയ്തു. തദ്ദേശീയമായി നിർമ്മിച്ച ഈ സീറോ എമിഷൻ ബസുകളിൽ ഏറ്റവും പുതിയ ഫീച്ചറുകളും അത്യാധുനിക ബാറ്ററി സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ടാറ്റ മോട്ടോർസിന്റെ പൂർണ ഉടമസ്ഥതയിലുള്ള ടി എംഎൽ സ്മാർട്ട് സിറ്റി മൊബിലിറ്റി സൊല്യൂഷൻസ് ലിമിറ്റഡ് (ടിഎസ്സിഎംഎസ്എൽ) ടാറ്റ അൾട്രാ 9എം ഇലക്ട്രിക് ബസുകളുടെ ആധുനിക വാഹനവ്യൂഹത്തിലൂടെയാണ് തൊഴിലാളികളുടെ യാത്രക്ക് സൗകര്യമൊരുക്കുന്നത്. സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാമാർഗം നൽകുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ഇ-ബസ് സേവനം 5,000 ത്തിലധികം ആളുകൾക്ക് ഗതാഗതം ഒരുക്കിക്കൊണ്ട് കാർബൺ പുറന്തള്ളൽ കുറക്കുകയും പ്രതിവർഷം 1,100 ടൺ കാർബൺ ഡൈ ഓക്സൈസ് എമിഷൻ കുറയ്ക്കുകയും ചെയ്യും. 16 മെഗാവാട്ട് സോളാർ എനർജി പ്ലാന്റിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഈ ഇ-ബസ് ഫ്ളീറ്റ് ചാർജ്ജ് ചെയ്യും. ഇത് മുഴുവൻ പ്രവർത്തനങ്ങളെയും ഹരിത ഊർജ്ജത്തിൽ ആക്കി മാറ്റും.

2045ഓടെ നെറ്റ് സീറോ ഗ്രീൻ ഹൗസ് ഗ്യാസ് നേടിയെടുക്കാനുള്ള ടാറ്റാ മോട്ടോർസിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള സുപ്രധാന ചുവടുവെയ്പ്പാണ് ജീവനക്കാരുടെ യാത്രയ്ക്കായി ഇലക്ട്രിക് ബസുകൾ സജ്ജീകരിക്കുന്നതെന്ന് ടാറ്റ മോട്ടോഴ്സ് കൊമേഴ്സ്യൽ വെഹിക്കിൾസ് വൈസ് പ്രസിഡന്റും ഓപ്പറേഷൻസ് മേധാവിയുമായ വിശാൽ ബാദ്ഷാ പറഞ്ഞു. ഉറവിടം മുതൽ നിർമാണം വരെയും എൻജിനിയറിങ്ങ് മുതൽ പ്രവർത്തനം വരെയും സുസ്ഥിരത സമന്വയിപ്പിച്ചുകൊണ്ട് തങ്ങളുടെ എല്ലാ നിർമാണ സൗകര്യങ്ങളും അവയുടെ മുഴുവൻ ശൃംഖലയും ഹരിതമാക്കി മാറ്റാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

ഈ പ്ലാന്റ് ഇതിനകം തന്നെ സീറോ വേസ്റ്റ് ടു ലാൻഡ് ഫിൽ സൗകര്യത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ സിഐഐ - ജിബിസിയുടെ വാട്ടർ പോസിറ്റീവ് സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉപഭോക്തൃകോടതി വിധി പാലിച്ചില്ല, തൃശൂർ കോർപ്പറേഷൻ സെക്രട്ടറിക്ക് വാറണ്ട്

തൃശൂർ: വിധി പാലിക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ വാറണ്ട് അയക്കുവാൻ ഉത്തരവ്.തൃശൂർ എം.ജി. റോഡിലെ എം.ജി.സ്റ്റോർസ് ഉടമ എം.ഗണേശൻ ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ കോർപ്പറേഷൻ വൈദ്യുതിവിഭാഗം അസിസ്റ്റന്റ് സെക്രട്ടറിക്കെതിരെയും കോർപ്പറേഷൻ സെക്രട്ടറിക്കെതിരെയും ഇപ്രകാരം വാറണ്ട് അയക്കുവാൻ ഉത്തരവായത്. കോർപ്പറേഷൻ അധികൃതർ വൈദുതി കുടിശ്ശിക അടക്കുവാൻ നോട്ടിസ് നല്കിയതിനെ ചോദ്യം ചെയ്തു് ഫയൽ ചെയ്ത ഹർജിയിൽ കുടിശ്ശിക ബിൽ റദ്ദ് ചെയ്യുവാനും യഥാർത്ഥവും കൃത്യവുമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ബിൽ നൽകുവാനും നഷ്ടപരിഹാരമായി 2000 രൂപ നല്കുവാനും വിധിയുണ്ടായിരുന്നു.എന്നാൽ വിധി എതിർകക്ഷികൾ പാലിക്കുകയുണ്ടായില്ല. തുടർന്ന് വിധി പാലിക്കാതിരുന്നതിന് എതിർകക്ഷികളെ ശിക്ഷിക്കുവാൻ ആവശ്യപ്പെട്ട് ഉപഭോക്തൃനിയമപ്രകാരം ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിധി പാലിക്കാതിരുന്നതിന് എതിർകക്ഷികളെ മൂന്ന് വർഷം വരെ തടവിന് ശിക്ഷിക്കുവാൻ ഉപഭോക്തൃകോടതിക്ക് അധികാരമുള്ളതാകുന്നു. ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി എതിർകക്ഷികളെ അറസ്റ്റ് ചെയ്ത് ഹാജരാക്കുവാൻ പോലീസ് മുഖേനെ വാറണ്ട് അയക്കുവാൻ കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. നടപടികൾക്കായി കേസ് 2025 ഏപ്രിൽ 7ന് വെച്ചിട്ടുള്ളതാകുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ക്രൈസ്തവ ഐക്യ പാർത്ഥനാ വാരം

തൃശൂർ: കേരളത്തിൽ കേരള കാത്തലിക് ബിഷപ്പ്സ് കോൺഫറൻസും കേരള കൗൺസിൽ ഓഫ് ചർച്ചസും സംയുക്തമായാണ് നടത്തുന്നത്.

ക്രിസ്തീയ സഭകൾ പൊതുവായി അംഗീകരിക്കുന്ന 325 എ.ഡി യിൽ നടത്തപ്പെട്ട നിഖ്യ സുൻഹാദോസിൻെറ 1700-ാം വാർഷികം ലോകമാട്ടാകെ ക്രിസ്തീയ സഭകൾ ആചരിക്കുന്നു. ആയതിനാൽ ഈ വർഷത്തെ ക്രൈസ്തവ ഐക്യപ്രാർത്ഥനാ വാരാചരണം നിഖ്യാ സുൻഹാദോസിൽ സഭയുടെപിതാക്കന്മാർ രൂപെപ്പടുത്തിയ വിശ്വാസപമാണത്തിലെ വിഷയങ്ങേളാട് ബന്ധെപ്പട്ടതാണ്.

ഈ വർഷത്തെ തീം വിശുദ്ധ യോഹന്നാൻെറ സുവിശേഷത്തിലെ പതിനൊന്നാം അദ്ധ്യായത്തിലെ ഇരുപത്തി ആറാം വാക്യം അണ് (11:26).

'ഇതു നീ വിശ്വസിക്കുന്നുവോ?" 2025 ജനുവരി 24ന് ഐക്യ പ്രാർത്ഥനവാരത്തിൻെറ ഏഴാം ദിവസം,

തൃശൂർ ജിലയിൽ ഈ ആചരണത്തിൻെറ സമാപനമാണ്. ഇന്നത്തെ സമ്മേളനം പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മാർത്ത് മറിയം വലിയ പള്ളി കത്തീഡ്രലിൽ വെച്ച് വൈകീട്ട് ആറു മണിക്ക് സമ്മേളനം സി

KCC യും KCBC യും സംയുക്തമായി നടത്തുന്ന ക്രൈസ്തവ സഭാ ഐക്യ പ്രാർത്ഥനാ വാരം തൃശ്ശൂർ മാർത്ത് മറിയം കത്തീഡ്രലിൽ നടന്ന പൊതുസമ്മേളനം CBCI പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, മാർ ഔഗിൻ കുരിയാക്കോസ്, മോർ ക്ലീമിസ് കുരിയാക്കോസ് എന്നിവർ സമീപം

ബി സി ഐ പ്രസിഡൻറ് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

ഇൻറർ ചർച്ച് കൗൺസിൽ സെക്രട്ടറി മാർ ഔഗിൻ കുര്യാക്കോസ് മെത്രോപോലീത്ത അധ്യക്ഷം വഹിച്ചു. ഇൻറർ ചർച്ച് കൗൺസിൽ ചെയർമാൻ കർദിനാൾ മാർ ജോർജ് ആലേഞ്ചരി മുഖ്യപഭാഷണവും മലബാർ സ്വത്രന്ത സുറിയാനി സഭാ തലവൻ സിറിൽ മാർ ബേസലയോസ് മെത്രാപോലീത്ത, മോർ ക്ലിമിസ് കുര്യാക്കോസ് മെത്രപ്പോലീത്ത എന്നിവർ അനുഗ്രഹ സന്ദേശവും നൽകി.

മാർത്ത് മറിയം വലിയ പള്ളി വികാരി ഫാ. കെ. ആർ. ഇനാശു, KCC സെക്രട്ടറി പ്രകാശ് പി. തോമസ്, KCBC സെക്രട്ടറി ഫാ. സിറിൽ എന്നിവർ സംസാരിച്ചു.

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്സീസിന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടിക്ക് വികാരി ജനറൽ ഫാ. ജോസ് ജേക്കബ് വേങ്ങശേരി, ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ് ചെയർമാൻ രാജൻ ജോസ് മണ്ണുത്തി, വൈസ് ചെയർമാൻ ലിയോൺസ് കാങ്കപ്പാടൻ, ജേക്കബ് ബേബി ഒലക്കേങ്കിൽ, ജോസ് താഴത്ത, ആൻസൺ ഡേവീസ്, ലാലി റാഫേൽ എന്നിവർ നേതൃത്വം നൽകി. 2025 ജനുവരി 18ന് ആരംഭിച്ച ആചരണം വിവിധ ജിലകളിൽ നടത്തപ്പെട്ടു.

ഇന്ന് പ്രാർത്ഥനാവാരത്തിൻെറ സമാപന സമ്മേളനം തിരുവനന്തപുരത്ത് പട്ടം സെന്റ് മേരീസ് കതോലിക്ക സെൻറിൽ വെച്ചാണ് നടക്കുന്നത്.

ലേലം

തൃശൂർ: റവന്യൂ റിക്കവറി ജോയിന്റ് രജിസ്ട്രാർ കുടിശിക (1,09,16,151 രൂപ) പിരിക്കുന്നതിനായി തെക്കുംകര വില്ലേജ് സർവ്വേ നം. 826/പി, 827/പി, 828/പി കളിലുള്ള 1.1275 ഹെക്ടർ സ്ഥലം ഉൾപ്പെടെയുള്ള വസ്തുവകകൾ ഫെബ്രുവരി 27 ന് രാവിലെ 11 ന് തെക്കുംകര വില്ലേജ് ഓഫീസിൽ പരസ്യമായി ലേലം നടത്തും.

അഡ്വ. പുഴങ്കര ബാലനാരായണൻ സ്മാരകമീഡിയ അവാർഡിന് ശുപാർശകൾ ക്ഷണിച്ചു

തൃശൂർ: ഗാന്ധിയൻ സോഷ്യലിസ്റ്റും പ്രഭാഷകനും ഗ്രന്ഥകാരനുമായിരുന്ന അഡ്വ. പുഴങ്കര ബാലനാരായണൻറെ പേരിൽ അനുസ്മരണസമിതി ചരമദിനമായ മാർച്ച് 4ന് വർഷംതോറും നല്കിവരുന്ന മീഡിയ അവാർഡിന് ശുപാർശകൾ ക്ഷണിച്ചു.

പ്രിൻറ് മീഡിയ/ദൃശ്യമീഡിയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന മികച്ച ഒരു മീഡിയ പ്രവർത്തകന് അവാർഡായി 10,000 രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് നൽകുക. ശുപാർശകളും ബയോഡാറ്റയും വിവരങ്ങളും 2025 ഫെബ്രുവരി 20ന് മുൻപ് 'ബേബി മൂക്കൻ, ഒല്ലൂർ - 680 306' എന്ന വിലാസത്തിലോ moo-k-k-en-b-a-¿@gm-a-i-l.com എന്ന ഇ-മെയിലിലോ അയക്കേണ്ടതാ

നാളത്തെ പരിപാടികൾ

* അക്ഷരായനം വായനോത്സവം നാളെ കാലത്ത് 9 മുതൽ. വിവേകോദയം ഹൈസ്കൂളിൽ
* ജെ.സി. ഐ. ട്രിച്ചൂർ ഭാരവാഹികളുടെ സ്ഥാനാരോഹണം. ഹോട്ടൽ അശോക ഇന്നിൽ നാളെ വൈകീട്ട് 6.30ന്
* തൃശൂർ നാദബ്രഹ്മം ഫൗണ്ടേഷന്റെ ജയ് ജവാൻ സൈനിക പ്രണാമവും ദേശഭക്തി ഗാനാഞ്ജലിയും സാഹിത്യ അക്കാദമി ഹാളിൽ നാളെ വൈകീട്ട് 4 ന്

യുവതിയെ തട്ടിക്കൊണ്ടുപോയ ഓട്ടോറിക്ഷ ഡ്രൈവർ പിടിയിൽ

ഇരിങ്ങാലക്കുട : കയ്പമംഗലം പൊലീസ് സ്റ്റേഷൻ പരിധിയിലെ ചെന്ത്രാപ്പിന്നിയിൽ താമസിക്കുന്ന യുവതിയെ തട്ടിക്കൊണ്ടുപോയ ഓട്ടോറിക്ഷ ഡ്രൈവർ പിടിയിൽ.



വീടുകളിൽ കയറിയിറങ്ങി ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്ന തിരൂർ സ്വദേശിയായ യുവതിയെ വ്യാഴാഴ്ച പെരിഞ്ഞനം ദുർഗ്ഗാ നഗറിൽ വെച്ച് ബലം പ്രയോഗിച്ച് ഓട്ടോറിക്ഷയിൽ തട്ടിക്കൊണ്ടു പോവുകയും ആളൊഴിഞ്ഞ സ്ഥലത്ത് വെച്ച് പീഡിപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത കേസിലെ പ്രതി പാലക്കാട് കണ്ണമ്പ്ര പരുവശ്ശേരി സ്വദേശി ചമപറമ്പ് വീട്ടിൽ അപ്പുണ്ണി മകൻ സന്തോഷി(45)നെയാണ് അറസ്റ്റ് ചെയ്തത്.

ഉപദ്രവിക്കാൻ ശ്രമിക്കുന്നതിനിടെ തന്ത്രപൂർവ്വം ഓട്ടോറിക്ഷയിൽ നിന്നും ചാടി രക്ഷപ്പെട്ട യുവതി കയ്പമംഗലം പൊലീസിൽ പരാതി നൽകുകയായിരുന്നു.

പ്രതി 'ആദർശ്' എന്ന് പേരുള്ള പ്രൈവറ്റ് ഓട്ടോറിക്ഷയിലാണ് എത്തിയതെന്ന് യുവതി മൊഴി നൽകിയിരുന്നു. തുടർന്ന് ഓട്ടോറിക്ഷ സ്റ്റാന്റുകളും, മെക്കാനിക്കുകളെയും, സിസിടിവി ദൃശ്യങ്ങളും കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ പാലക്കാട് രജിസ്ട്രേഷനിലുള്ള ഒരു പ്രൈവറ്റ് ഓട്ടോറിക്ഷയിൽ ഒരാൾ ജംഗ്ഷനുകൾ തോറും ഫിനോയിൽ വില്പനയുമായി എത്തുന്നുണ്ടെന്ന് രഹസ്യ വിവരം ലഭിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ റൂറൽ ജില്ലയിലെ പ്രധാന ജംഗ്ഷനുകളിൽ ഇത്തരത്തിലുള്ള ഫിനോയിൽ വിൽപ്പന നടത്തുന്ന ഓട്ടോയെ കണ്ടെത്തുന്നതിനായി റൂറൽ ജില്ലാ പൊലീസ് മേധാവി ബി കൃഷ്ണകുമാർ ഐപിഎസിന്റെ നിർദ്ദേശാനുസരണം നടത്തിയ കോമ്പിങ്ങ് ഓപ്പറേഷനൊടുവിലാണ് പ്രതിയെ കോതപറമ്പിൽ വെച്ച് പിടികൂടിയത്.

സന്തോഷ് ഉപയോഗിച്ചിരുന്ന ആദർശ് എന്ന് പേരുള്ള KL- 9 P-4899 നമ്പർ ഓട്ടോറിക്ഷ പൊലീസ് കസ്റ്റഡിയിൽ എടുത്തു.

കൊടുങ്ങല്ലൂർ ഡിവൈഎസ്പി വി കെ രാജുവിന്റെ നേതൃത്വത്തിൽ കയ്പമംഗലം ഇൻസ്പെക്ടർ ഷാജഹാൻ, സബ്ബ് ഇൻസ്പെക്ടർമാരായ സുരജ്, പ്രദീപ്, ജെയ്സൻ, എ എസ് ഐ ലിജു ഇയ്യാനി, എ എസ് ഐ നിഷി, ഉദ്യോഗസ്ഥരായ ബിജു, നിഷാന്ത്, ഷിജു, അനന്തുമോൻ, പ്രിയ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

ഉണ്ണിമിശിഹാ ദേവാലയത്തിലെ തിരുനാൾ ജനുവരി 25, 26, 27 തീയതികളിൽ

ഇരിങ്ങാലക്കുട : കല്ലേറ്റുംകര ഉണ്ണിമിശിഹാ ദേവാലയത്തിൽ ഉണ്ണിമിശിഹായുടെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും വിശുദ്ധ കൊച്ചുത്രേസ്യയുടെയും സംയുക്തതിരുനാൾ ജനുവരി 25, 26, 27 തീയതികളിൽ ആഘോഷിക്കും. 25 ന് രാത്രി 7.30 ന് തിരുനാളിന്റെ ഭാഗമായുള്ള ദീപാലങ്കാരത്തിന്റെ സ്വിച്ച് ഓൺ കർമ്മം ആളൂർ സിഐ ബിനീഷ് കെ എം നിർവഹിക്കുമെന്ന് വികാരി ഫാ സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ, ജനറൽ കൺവീനർ ലിൻസോ മൂർക്കനാട്ടുകാരൻ എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. തിരുനാൾ ദിനമായ രാവിലെ 6 നും 8 നും വിശുദ്ധ കുർബാന, 10 ന് ഫാ മെജിൻ കല്ലേലിയുടെ കാർമ്മികത്വത്തിൽ ആഘോഷമായ തിരുനാൾ പാട്ടുകുർബാന , ഉച്ചയ്ക്ക് 3 ന് തിരുനാൾ പ്രദക്ഷിണം, 7 ന് ലൈറ്റ് ആന്റ് സൗണ്ട് ഷോ എന്നിവയാണ് പ്രധാന പരിപാടികൾ. അസി. വികാരി ഫാ ഓസ്റ്റിൻ പാറയ്ക്കൽ, ട്രസ്റ്റിമാരായ ബേബി വിതയത്തിൽ, ജോസഫ് കണ്ണംകുന്നി എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു

ജപ്പാനിൽ ജോലി വാഗ്ദാനം ചെയത് മൂന്ന് ലക്ഷം തട്ടിച്ച പ്രതി പിടിയിൽ

ഇരിങ്ങാലക്കുട: ജപ്പാനിലെ SSH Global എന്ന കമ്പനിയിൽ ഡ്രൈവർ തസ്തികയിൽ ജോലി വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് തൃക്കൂർ കോനിക്കര ദേശത്ത് പയ്യാക്കൽ വീട്ടിൽ രാധാകൃഷ്ണൻ മകൻ രാഗേഷ് എന്നയാളിൽ നിന്നും ബാങ്ക് അക്കൗണ്ട് മുഖാന്തിരം 3 ലക്ഷം രൂപ കൈപ്പറ്റുകയും ജോലിയോ,പണമോ തിരികെ നൽകാതെ ചതി ചെയ്ത കാര്യത്തിന് പുതുക്കാട് പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയായ നെന്മണിക്കര വില്ലേജിൽ ചിറ്റിശ്ശേരി ദേശത്ത് കരയാംവീട്ടിൽ അയ്യപ്പൻ മകൻ വിനോദിനെ (40) പുതുക്കാട് പോലീസ് അറസ്റ്റ് ചെയ്തു.

പ്രവാസിയായിരുന്ന വിനോദിന്റെ കൈവശം ജപ്പാനിലേക്കുള്ള വിസകൾ ഉണ്ടെന്നും പ്രതിയായ വിനോദും ജപ്പാനിലേക്ക് ആ വിസയിൽ പോകുന്നുണ്ടെന്നു പറഞ്ഞ് രാഗേഷിന്റെ സമീപത്തിരുന്ന് വിസക്കുള്ള ഫോമുകൾ എന്നു പറഞ്ഞ് എഴുതി തയ്യാറാക്കുന്നത് കണ്ടാണ് രാഗേഷ് ഈ കെണിയിൽ അകപ്പെട്ടത്. ഈ കേസിലെ പ്രതിയായ വിനോദിന്റെ പേരിൽ അടച്ചിട്ട വീടുകളിൽ കുത്തിത്തുറന്ന് മോഷണം നടത്തിയ കാര്യത്തിന് 2024 വർഷത്തിൽ ഇരിങ്ങാലക്കുട, കാട്ടൂർ,കൊടുങ്ങല്ലൂർ സ്റ്റേഷനുകളിൽ കേസുകൾ നിലവിൽ ഉണ്ട് . ടിയാനെ പുതുക്കാട് സ്റ്റേഷൻ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2024 വർഷത്തിൽ രജിസ്റ്റർ ചെയ്ത മോഷണ കേസുകളിൽ അറസ്റ്റ് ചെയ്യപ്പെട്ട് റിമാന്റിലായിരുന്ന പ്രതി വിനോദ് കുറച്ചു ദിവസങ്ങൾക്ക് മുമ്പാണ് ജാമ്യത്തിൽ ഇറങ്ങിയത്. തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി B. കൃഷ്ണകുമാർ IPS ന്റെ നിർദേശപ്രകാരം ചാലക്കുടി ഡി.വൈ.എസ.പിയുടെ മേൽനോട്ടത്തിൽ പുതുക്കാട് എസ് ഐ സജീഷ് കുമാറിന്റെ നേതൃത്വത്തിൽ സബ്ബ് ഇൻസ്പെക്ടർ പ്രദീപ്.എൻ, വിശ്വനാഥൻ കെ.കെ, പോലീസ് ഉദ്യോഗസ്ഥരായ ഷെമീർ.വി.എ, അജി.വി.ഡി, അരുൺ.പി.എ എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്ത സംഘത്തിൽ ഉണ്ടായിരുന്നത്.

ശ്രീനാരായണപുരം ആലയിൽ ആർ.എസ്.എസ് അനുഭാവിയെ അടിച്ച് പരിക്കേൽപ്പിച്ച സംഭവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് മെംബർമാരായ രണ്ട് ബി.ജെ.പി നേതാക്കൾക്കെതിരെ മതിലകം പൊലീസ് കേസെടുത്തു.

ദേശീയ സമ്മതിദായക ദിനം ആഘോഷിച്ചു

തൃശൂർ: രാജ്യത്ത് തിരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകരിക്കപ്പെട്ടതിന്റെ 75-ാം വർഷവും, 15-ാമത് ദേശീയ സമ്മതിദായക ദിനവും ചെമ്പുക്കാവ് ഹോളി ഫാമിലി സി.ജി.എച്ച്.എസ്.എസിൽ നെഹ്റു യുവകേന്ദ്രയുടെയും, കരുണം ഫൗണ്ടേഷന്റെയും, എൻ.എസ്.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ സമ്മതിദായക ദിന പ്രതിജ്ഞ പുതുക്കിയും, വോട്ട് ചെയ്യുന്നതിനോളം മഹത്തരം മറ്റൊന്നുമില്ല, ഞാൻ ഉറപ്പായും വോട്ട് ചെയ്യും എന്ന സന്ദേശം പൊതുജനങ്ങൾക്ക് കൈമാറിയും ദേശീയ സമ്മതിദായക ദിനം ആഘോഷിച്ചു.

ജനപ്രതിനിധിയും, മികച്ച അദ്ധ്യാപികയ്ക്കുള്ള ദേശീയ അവാർഡ് ഏറ്റുവാങ്ങിയ ലീല വർഗ്ഗീസ് ഉദ്ഘാടനം നിർവഹിച്ചു. ഡിവിഷൻ കൗൺസിലർ റെജി ജോയ് അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ പാവന റോസ്, കരുണം ഫൗണ്ടേഷൻ ചെയർമാൻ ജെൻസൻ ജോസ് കാക്കശ്ശേരി, ഏൻസൻ ആന്റണി, ശശി നെട്ടിശ്ശേരി, ബിജു ചിറയത്ത്, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ സെസി ജോൺ എന്നിവർ പ്രസംഗിച്ചു.

പി.സൂര്യരാജ് ധനലക്ഷ്മി ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റു

തൃശൂർ: പി.സൂര്യരാജ് 2025 ജനുവരി 20-ന് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ് ചേരുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്ക് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി അദ്ദേഹത്തെ നിയമിച്ചിരിക്കുന്നത്. തമിഴ്നാട് മെർക്കന്റൈൽ ബാങ്ക് ലിമിറ്റഡിൽ 37 വർഷത്തെ ബാങ്കിംഗ് അനുഭവപരിചയമുള്ള ഒരു പരിചയസമ്പന്നനായ ബാങ്കറാണ് പി. സൂര്യരാജ്. ഇക്കാലത്തിനിടയിൽ ഇന്റഗ്രേറ്റഡ് ട്രഷറി, എച്ച്ആർ, റിക്കവറി, എസ്റ്റാബ്ലിഷ്മെന്റ്, പ്ലാനിംഗ് ആൻഡ് റിസോഴ്സ് മൊബിലൈസേഷൻ, ഓപ്പറേഷൻ ആൻഡ് സാർ സർവീസസ്, ഇൻസ്പെക്ഷൻ ആൻഡ് അക്കൗണ്ട്സ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെ ജനറൽ മാനേജരായി അദ്ദേഹം സ്ഥാനം വഹിച്ചിട്ടുണ്ട്. തന്റെ ഔദ്യോഗിക വളർച്ചയ്ക്കിടയിൽ അദ്ദേഹം ബാങ്കിന്റെ മേഖലകളുടെയും ശാഖകളുടെയും തലവനായി സേവനം അനുഷ്ഠിച്ചിരുന്നു. കൊമേഴ്സിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള പി. സൂര്യരാജ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കേഴ്സിന്റെ സർട്ടിഫൈഡ് അസോസിയേറ്റുമാണ്. (സി.എ.ഐ.ഐ.ബി). കൂടാതെ അദ്ദേഹം ബാങ്കിംഗ് റെഗുലേഷൻ ആക്റ്റ്, 1949 സെക്ഷൻ 10എ (2)(എ) പ്രകാരം ബോർഡിൽ മുഴുവൻ സമയ ഡയറക്ടറായി പ്രതിനിധീകരിക്കും.

പുതുക്കാട് : ഗ്രാമ പഞ്ചായത്ത് 2025 - 26 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് കർഷക സഭ നടത്തി. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ എം ബാബുരാജ് അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ഷൈനി ജോജു ഗ്രാമ പഞ്ചായത്തംഗങ്ങളായ ഷാജു കാളിയേങ്കര, ആൻസി ജോബി കൃഷി ഓഫീസർ പി ആർ കവിത വെറ്റിനറി സർജൻ ഡോ. ഫ്ലമി ജേക്കബ്ബ് എന്നിവർ പ്രസംഗിച്ചു.

റിപ്പബ്ലിക് ദിനത്തിൽഅക്വാറ്റിക്സ് ക്ലബിൽ വീരർക്ക് ആദരം

തൃശൂർ: വീര നാരികളേയും ധീരയോദ്ധാക്കളേയും ആദരിച്ചുകൊണ്ട് തൃശൂർ അക്വാറ്റിക്സ്